വിദേശ മലയാളികളെപ്പറ്റി സർവ്വേ

8 (*308)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമലയാളികളെപ്പറ്റി എന്തെങ്കിലും സർവ്വേ നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഇവരെ സംബന്ധിക്കുന്ന എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്;

(സി) ഇതിനായി വിദേശ മലയാളി സംഘടനകളുടെ സഹായസഹകരണങ്ങൾ തേടിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) പ്രവാസി കേരളീയരുടെ കുടുംബത്തെ സംബന്ധിച്ച പൊതുവായ വിവരങ്ങൾ, വിദേശത്ത് ജോലി ചെയ്യുന്നവരെ സംബന്ധിച്ച വിവരങ്ങൾ, വിദേശത്ത് നിന്ന് മടങ്ങിവന്നവരെ സംബന്ധിച്ച വിവരങ്ങൾ, വിദേശത്ത് വച്ച് മരിച്ചവരെ സംബന്ധിച്ച വിവരങ്ങൾ എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) റാൻഡം സാമ്പിളിംഗ് രീതിയനുസരിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വീടുകളിലാണ് പ്രസ്തുത സർവ്വേ നടത്തിയത് എന്നതിനാൽ വിദേശമലയാളി സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തിയില്ല.

മെഡിക്കൽ കോളേജ് ആശുപത്രികളിലെ കാഷ്വാലിറ്റികളുടെ പ്രവർത്തനം

9 (*309)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. എ.കെ. മണി :

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ കാഷ്വാലിറ്റികളിൽ ഇപ്പോൾ ഡ്യൂട്ടിക്ക് നിയമിക്കുന്നത് ഏത് കാറ്റഗറിയിൽപ്പെട്ട ഡോക്ടർമാരെയാണ്;

(ബി) കാഷ്വാലിറ്റികളിൽ സീനിയർ ഡോക്ടർമാർ ഡ്യൂട്ടിക്ക് ഇല്ലാത്തതുകൊണ്ട് രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് കാഷ്വാലിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസറുടെ റാങ്കിലുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(ഡി) കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികൾക്ക് മരുന്നുപരിശോധനയും സൗജന്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

LIBRARY ARCHIVES Kerala Legislative Assembly